**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1887** **05-07-2022 - ൽ മറുപടിയ്ക്ക്**

**തെക്കേകര ഗ്രാമ പഞ്ചായത്തിൽ ഫിറ്റ്നസ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ഫിറ്റ്നസ് സെന്ററിന്റെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | **മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുറത്തികാട് കമ്മ്യൂണിറ്റി ഹാളിന്റെ (കെട്ടിട നം.11/309എ) ഒന്നാം നിലയിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ സ്ഥാപിക്കുന്നതിനായി 52.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിശ്ചയിച്ച സ്ഥലം കോവിഡ് ട്രീറ്റ്മെന്റ് സെന്ററായി മാറിയതിനാൽ ഫിറ്റ്നസ് സെന്റർ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റിയ സാഹചര്യത്തിൽ പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ആകെ എസ്റ്റിമേറ്റ് 58 ലക്ഷം രൂപയായി വർദ്ധിച്ചു. ഈ സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിനാവശ്യമായി വരുന്ന 58.00 ലക്ഷം രൂപയിൽ ഭരണാനുമതി പ്രകാരമുള്ള തുകയായ 52.20 ലക്ഷം രൂപ കഴിച്ച് ബാക്കിയുള്ള 5.80 ലക്ഷം രൂപ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും അനുവദിക്കുകയാണെങ്കിൽ ടി പ്രവൃത്തിയുടെ ദർഘാസ് നടപടികളുമായി മുന്നോട്ട് പോകുവാൻ കഴിയുന്നതാണ് എന്ന വിവരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്നും അനുകൂല മറുപടി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ